ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. മോണിറ്ററിംഗ് സംവിധാനം വേണ്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പോലീസ് അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുകയോ പ്രതികൾ ശിക്ഷിക്കപ്പെടാതിരിക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പട്ടികജാതി വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി കർശന നടപടികളാണ് പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നത്. അതിക്രമങ്ങൾ ഉണ്ടായാലുടൻതന്നെ പ്രതികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നിലവിലുള്ള വ്യവസ്ഥ പ്രകാരം അന്വേഷണം നടത്തി കുറ്റക്കാർക്ക് ശിക്ഷ ലഭിക്കാൻ തക്ക നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ആക്രമണം

229 (233) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ആക്രമിക്കപ്പെട്ട എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ സമുദായക്കാർ ആക്രമിക്കപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്ന കേസ്സുകളിൽ നിയമാനുസരണം കാലതാമസം ഒഴിവാക്കി നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കി നടപടികൾ പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി)

വർഷം	രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം	കുറ്റപത്രം സമർപ്പിച്ച കേസുകളുടെ എണ്ണം
2011 (18-5-2011-31-12-2011)	566	277
2012	824	374
2013	796	402
2014	854	382
2015 (31-5-2015 വരെ)	354	50

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

കൊണ്ടോട്ടി, വാഴക്കാട്, കരിപ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ സംഘടിത മോഷണം

230 (234) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, വാഴക്കാട്, കരിപ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 2014-15 വർഷങ്ങളിൽ എത്ര മോഷണങ്ങൾ നടന്നിട്ടുണ്ടെന്നും ഏതെല്ലാം ക്രൈം നമ്പറിൽ എത്ര കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഉള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാമാണ് തെളിയിക്കപ്പെട്ടിട്ടുള്ളത് ; എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട് ;

(സി) സംഘടിത മോഷണം തുടർച്ചയായി നടക്കുന്നത് കണ്ടുപിടിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly